## തുവ്വൂർ ഗ്രാമപഞ്ചായത്ത്

## മലപ്പുറം ജില്ല

# പൗരാവകാശരേഖ 2026

*കേരള പഞ്ചായത്ത് രാജ് ആക്ട് 272(എ) വകുപ്പിന് വിധേയമായി കേരള സർക്കാരിന്റെ 17.05.2004 ലെ ജി.ഒ (പി) നമ്പർ 167/2004/ത.സ്വ.ഭ.വ പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം*



*നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ദരിദ്രനായ, ഏറ്റവും നിസ്സഹായനായ മനുഷ്യന്റെ മുഖം സങ്കൽപ്പിച്ച് നോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ച് നോക്കുക.*



# അവതാരിക

ജനനം മുതൽ ജീവിതാന്ത്യം വരെയുള്ള വിവിധ മനുഷ്യാവസ്ഥകൾ പഞ്ചായത്തുമായി ബന്ധപ്പെട്ടിരിക്കുന്നു. പഞ്ചായത്തിൻറെ ഏതെങ്കിലും രേഖയിൽ ഒരിക്കലെങ്കിലും ഉൾപ്പെട്ടിട്ടില്ലാത്ത ഒരു പൌരനും ഉണ്ടാവില്ല. 1960- ലെ കേരള പഞ്ചായത്ത് ആക്ട് 1962-ൽ നിലവിൽ വന്നതോടെയാണ് സംസ്ഥാനത്ത് പഞ്ചായത്ത് സംവിധാനത്തിന് ഏകീകൃത രൂപമുണ്ടായത്. 1962-ലാണ് നമ്മുടെ പഞ്ചായത്ത് രൂപീകൃതമായത്. 1993 ഏപ്രിലിൽ 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി ലഭിക്കുകയുണ്ടായി. തുടർന്ന് 1994-ൽ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതോടെ വ്യക്തമായി പഞ്ചായത്തിൻറെ ചുമതലക ൾ വ്യക്തമായി നിർവ്വചിക്കപ്പെട്ടു. ഈ ആക്ട് പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 27അനിവാര്യ ചുമതലകളും 14 പൊതുവായ ചുമതലകളും 19 മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ട്. പഞ്ചായത്തുകളുടെ വിപുലമായ ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിന് 1995ൽ വിവിധ വകുപ്പുകൾക്ക് കീഴിലുണ്ടായിരുന്ന പ്രാദേശിക തല ആഫീസുകളെയും ഉദ്യോഗസ്ഥരെയും സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഇതിൻറെയെല്ലാം ആത്യന്തിക ലക്ഷ്യം മഹാത്മാഗാന്ധിയുടെ സ്വപ്നമായിരുന്ന ഗ്രാമ സ്വരാജ് സഫലമാക്കുക എന്നു തന്നെയാണ്.

പഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിയാത്തതും നടപ്പാക്കാൻ കഴിയാത്തതുമായ ഒരു പദ്ധതിയുമില്ല എന്നതാണ് വാസ്തവം. സാമൂഹികമാകട്ടെ, സാങ്കേതികമാകട്ടെ സാംസ്കാരികമാകട്ടെ ഏതും പഞ്ചായത്തിൻറെ കുടക്കീഴിൽ ഉൾപ്പെടുത്താം. സേവന രംഗത്തും പഞ്ചായത്തിൻറെ പ്രവർത്തന വ്യാപ്തി വളരെ വലുതാണ്.

പഞ്ചായത്ത് സംവിധാനത്തിൽ ഒരു പൌരന് അവകാശപ്പെട്ടത് എന്തൊക്കെ എന്നത് അവനറിയാൻ അവകാശമുണ്ടാക്കുക പ്രാഥമിക കർത്തവ്യമാണ്. സുതാര്യത ഉറപ്പാക്കുന്ന ഒരു പ്രക്രിയയാണിത്. സേവനദാതാവെന്ന നിലയിൽ തുവ്വൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിക്ക് കൂടുതൽ ജനകീയത കൈവരിക്കാൻ ലഭിക്കുന്ന അവസരം കൂടിയാണിത്.

മറ്റെല്ലാ പ്രതിസന്ധികളെയും അതി ജീവിച്ച് ഏറെ വിലപ്പെട്ട ഈ പൌരാവകാശ രേഖ തയ്യാറാക്കാൻ മുൻകൈ എടുത്ത പ്രിയപ്പെട്ട പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. മെയ്ദിനി പി.എം നെയും അത് യാതാർത്ഥ്യമാക്കുന്നതിന് പിന്തുണ നൽകിയ സഹപ്രവർത്തകരെയും ഞാൻ അഭിനന്ദിക്കുന്നു.

തുവ്വൂർ പഞ്ചായത്തിലെ പ്രഥമ പൌരയായി എന്നെ തെരഞ്ഞെടുത്തത് മുതൽ എന്റെ മുൻഗാമികളെപോലെ എന്നിലും നിക്ഷിപ്തമായ ചുമതലകളിൽപ്പെട്ട ഒന്നായ പൌരാവകാശ രേഖ സമയ ബന്ധിതമായി പ്രസിദ്ധീകരിക്കുന്നു എന്നതിൽ ഏറെ അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്.

***സ്നേഹാദരവോടെ.....***

14.05.2026
തുവ്വൂർ

***ജസീന ടീച്ചർ***
പ്രസിഡൻറ്, തുവ്വൂർ ഗ്രാമപഞ്ചായത്ത്



## ആമുഖം

**ആ**ധുനിക ജനാധിപത്യ സമൂഹത്തിൽ ഉത്കൃഷ്ടവും ഗുണമേൻമയുള്ളതും പ്രതിജ്ഞാബദ്ധവും സുതാര്യവുമായ ഒരു ഭരണക്രമമാണ് ജനങ്ങൾ കാംക്ഷിക്കുന്നത്. അത്തരം ഒരു ഭരണ ക്രമം ഉറപ്പുവരുത്തുന്നതിനുള്ള ഉപാധികളിൽ പ്രധാനപ്പെട്ട ഒന്നാണ് പൗരാവകാശ രേഖ. തുവ്വൂർ ഗ്രാമപഞ്ചായത്തിൽ നിന്നും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധയിനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധികളും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പടുത്തി പ്രസിദ്ധീകരിക്കുന്ന രേഖയാണ് ഈ പൗരാവകാശരേഖ. ഭരണ രംഗത്ത് കാര്യക്ഷമത ഉറപ്പുവരുത്തി നിയമാനുസരണവും സമയബന്ധിതവുമായി സേവനങ്ങൾ പ്രദാനം ചെയ്ത് സാമൂഹ്യ നീതിയും ഭരണ സുതാര്യതയും കൈവരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

തുവ്വൂർ ഗ്രാമപഞ്ചായത്ത് എല്ലാ ഭരണ സമിതിക്കാലത്തും പൗരാവകാശ രേഖ പ്രസീദ്ധീകരിക്കുകയും വർഷാവർഷം അത് പുതുക്കുകയും ചെയ്യാറുണ്ട്. പഞ്ചായത്ത് ആഫീസിൽ നിന്നും, അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും അത് പോലെ പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളാണ് പ്രധാനമായും ഈ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ സ്ഥാപനങ്ങളും നൽകുന്ന സേവനങ്ങളുടെ സമയക്രമം വ്യത്യസ്തമായതിനാൽ അക്കാര്യം ഈ രേഖയിൽ പൂർണ്ണമായും ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

ഭരണസുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കിക്കൊണ്ട് മാത്രമേ പഞ്ചായത്തിന് ഈ നാട്ടിലെ ജനാഭിലാഷം സാക്ഷാത്കരിക്കാനാവൂ. ആയതിനായി തുവ്വൂർ പഞ്ചായത്ത് നേടിയെടുത്ത ഐ.എസ്.ഒ അംഗീകാരം, ശുചിത്വ പദവി തുടങ്ങിയവ ഘടകസ്ഥാപനങ്ങളും നേടിയെടുക്കുകയും പഞ്ചായത്തിലെ സേവനങ്ങൾ ഐ.എൽ.ജി.എം.എസിലേക്ക് മാറിയതു വഴി ഈ രേഖയിൽ വ്യക്തമക്കിയിട്ടുള്ള സേവന ലഭ്യത കൂടുതൽ കാര്യക്ഷമമാക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് പൗരാവകാശ രേഖ പൊതുജന സമക്ഷം സമർപ്പിക്കുന്നു.

**മെയ്ദിനി പി.എം**
സെക്രട്ടറി,
തുവ്വൂർ ഗ്രാമപഞ്ചായത്ത്

## ഉള്ളടക്കം

1. പൊതുവിവരങ്ങൾ
2. ഗ്രാമപഞ്ചായത്ത് ഭരണസമിതി
3. ജീവനക്കാരുടെ പേര് വിവരം
4. ഘടക സ്ഥാപനങ്ങൾ
5. ഓംബുഡ്സ്മാൻ
6. ട്രൈബ്യൂണൽ
7. ഫ്രണ്ട് ഓഫീസ്
8. ഗ്രാമസഭ
9. ജാഗ്രതാസമിതി
10. സൗജന്യ നിയമസഹായ കേന്ദ്രം
11. വിവരാവകാശ നിയമം 2005
12. സേവനാവകാശ നിയമം
13. വിവരാവകാശ നിയമം
14. പഞ്ചായത്ത് ഓഫീസിൽ നിന്നും ഘടക സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന സേവനങ്ങൾ
15. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
16. കുടുംബശ്രീ

# പൊതു വിവരങ്ങൾ

തുവ്വൂർ ഗ്രാമപഞ്ചായത്ത് പൊതു വിവരം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : തുവ്വൂർ |
| ജില്ല | : മലപ്പുറം |
| താലൂക്ക് | : നിലമ്പൂർ |
| വില്ലേജ് | : തുവ്വൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : കാളികാവ് |
| അസംബ്ലി മണ്ഡലം | : വണ്ടൂർ |
| ലോക്സഭ മണ്ഡലം | : വയനാട് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : കരുവാരകുണ്ട്, മേലാറ്റൂർ |
| വിസ്തൃതി | : 31.38/ച.കി.മീ |
| ജനസംഖ്യ | : 30506 (2011 സെൻസസ്) |
| ജനസാന്ദ്രത | : 882/ച.കി.മി |
| പട്ടികജാതി ജനസംഖ്യ | : 3785 |
| വാർഡുകളുടെ എണ്ണം | : 19 |
| സാക്ഷരത | : 97.1.% |
| ലോക്സഭാ മെമ്പർ | : പ്രിയങ്ക ഗാന്ധി വാദ്ര |
| നിയമസഭാ മെമ്പർ | : എ.പി.അനിൽ കുമാർ |

## അതിരുകൾ

| | |
|---|---|
| വടക്ക് | - കാളികാവ് ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | - കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് |
| തെക്ക് | - എടപ്പറ്റ ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | - പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് |

# തുവ്വൂർ ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



പ്രസിഡണ്ട്

**സി. ടി. ജസീന**



വൈസ്. പ്രസിഡണ്ട്

**എൻ. പി. നിർമ്മല**

*(ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)*



**മുജീബ് റഹ്മാൻ**

ചെയർമാൻ
വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**ജസീന അക്കരമ്മൽ**

ചെയർപേഴ്സൺ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**കെ. വി. സുരേഷ് ബാബു**

ചെയർമാൻ
ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

## തുവ്വൂർ ഗ്രാമപഞ്ചായത്ത്

# ഭരണസമിതി അംഗങ്ങൾ



മുഹമ്മദ് അനീസ്
മെമ്പർ, 1–ാം വാർഡ്
പള്ളിപ്പറമ്പ്



പ്രീത
മെമ്പർ, 2–ാം വാർഡ്
അരിക്കുഴി



അബ്ദുൽ നാസർ
മെമ്പർ, 4–ാം വാർഡ്,
ആമപൊയിൽ



ഗിരീഷ് കെ.പി
മെമ്പർ, 5–ാം വാർഡ്
നരിയക്കംപൊയിൽ



സൈനബ
മെമ്പർ, 6–ാം വാർഡ്
നീലാഞ്ചേരി



റിൻഷാ ബേബി
മെമ്പർ, 7–ാം വാർഡ്
ഊത്താലക്കുന്ന്



ഉമ്മുസൽമ. ടി
മെമ്പർ, 8–ാം വാർഡ്
കിളിക്കുന്ന്



രജനി
മെമ്പർ, 9–ാം വാർഡ്
തരിപ്രമുണ്ട



മുഹമ്മദ് ആഷിഖ്.പി.കെ
മെമ്പർ, 10–ാം വാർഡ്
കക്കറ



ഹാരിസ്.കെ
മെമ്പർ, 11–ാം വാർഡ്
മാമ്പുഴ



മുഹമ്മദ് അലി
മെമ്പർ, 14–ാം വാർഡ്
മാതോത്ത്



ശിഹാബുദ്ദീൻ
മെമ്പർ, 15–ാം വാർഡ്
തെക്കുംപുറം



നുസ്ഹത്തുന്നീസ
മെമ്പർ, 16–ാം വാർഡ്
മരുതത്ത്



രേഷ്മ എം. ആർ
മെമ്പർ, 18–ാം വാർഡ്
പായിപ്പുല്ല്

# ജീവനക്കാരുടെ പേര് വിവരം

| ക്രമ നമ്പർ | പേര് | തസ്തിക | ഫോൺ നമ്പർ |
|---|---|---|---|
| **1.** | **മെയ്ദിനി.പി.എം** | **സെക്രട്ടറി** | **9496047833** |
| 2. | ബീന.ബി | അസി.സെക്രട്ടറി | 9072 727 085 |
| 3. | സതീഷ് | ഹെഡ്ക്ലർക്ക് | 9074770668 |
| 4. | അബ്ദുൾ മൻസൂർ | അക്കൗണ്ടന്റ് | 9947 006 544 |
| 5. | ചന്ദ്രൻ.കെ.ടി | സീനിയർ ക്ലർക്ക് | 9645755069 |
| 6. | സ്വരൂപ് | സീനിയർ ക്ലർക്ക് | 8139004136 |
| 7 | സുരേഷ് ബാബു.കെ | സീനിയർ ക്ലർക്ക് | 9048531201 |
| 8. | സായിദ്.ഇ.എം | ക്ലർക്ക് | 7025407886 |
| 9. | സജീവ് | ക്ലർക്ക് | 9447832968 |
| 10. | ശോഭ.ടി.സതീന്ദ്രൻ | ക്ലർക്ക് | 9495193370 |
| 11. | അഷറഫ് | ഓഫീസ് അറ്റന്റന്റ് | 6238976004 |
| 12. | വിനോയ് തോമസ് | എഫ്.ടി.എസ് | 7034790083 |
| 13. | സമീർ.എൻ | ടി.എ | 7907568196 |
| 14. | മുരളി | പി.ടി.എസ് | 9605886783 |
| 15. | ഷഹന.വി | പി.എ | 8086169049 |
| 16. | നിസാമുദ്ദീൻ | ഡ്രൈവർ | 8891391705 |

## നഗരാസൂത്രണം & മരാമത്ത് ജീവനക്കാർ

| | | | |
|---|---|---|---|
| **1** | **ആര്യ. ആർ** | **അസിസ്റ്റന്റ് എഞ്ചിനീയർ** | **8281 370 883** |
| 2. | സൽമാൻ.സി | ഓവർസിയർ II | 9539 838 968 |
| 3. | റംസി സാഹിർ.കെ.വി | ഓവർസിയർ III | 9605 512 109 |
| 4. | ഇസ്സുദ്ധീൻ.പി | സ്റ്റാഫ് | 9809 827 739 |

## MGNREGS ജീവനക്കാർ

| | | | |
|---|---|---|---|
| 1 | അജിനോസ്.ടി | അക്രഡിറ്റഡ് എ.ഇ MGNREGS | 996169049 |
| 2 | അഫ്സൽ സാലി | ഓവർസിയർ MGNREGS | 9744943877 |
| 3 | അശ്വതി.പി | ഓവർസിയർ MGNREGS | 6238993107 |
| 4 | മുഹമ്മദ് അർഷദ് | Acct.cum IT Ast. MGNREGS | 9995446641 |
| 5 | സന്ദീപ് | Acct.cum IT Ast. MGNREGS | 9605195666 |

# ജനപ്രതിനിധികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | : | ശ്രീമതി.സി.ടി.ജസീന |
| വൈസ് പ്രസിഡണ്ട് | : | ശ്രീമതി. എൻ.പി.നിർമ്മല |

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ : ശ്രീമതി. ജസീന അക്കരമ്മൽ

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ : ശ്രീ.മുജീബ് റഹ്മാൻ

വിദ്യാഭ്യാസ - ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ : ശ്രീ.കെ.വി.സുരേഷ് ബാബു

| | | |
|---|---|---|
| മറ്റു പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീ.മുഹമ്മദ് അനീസ് (വാർഡ് - 1) |
| | | ശ്രീമതി.പ്രീത (വാർഡ് - 2) |
| | | ശ്രീ.അബ്ദുൽ നാസർ (വാർഡ് - 4) |
| | | ശ്രീ.കെ.പി.ഗിരീഷ് (വാർഡ് - 5) |
| | | ശ്രീമതി.സൈനബ (വാർഡ് - 6) |
| | | ശ്രീമതി. റിൻഷാ ബേബി (വാർഡ് - 7) |
| | | ശ്രീമതി.ഉമ്മുസൽമ.ടി (വാർഡ് - 8) |
| | | ശ്രീമതി.രജനി (വാർഡ് - 9) |
| | | ശ്രീ.മുഹമ്മദ് ആഷിഖ് (വാർഡ് - 10) |
| | | ശ്രീ.ഹാരിസ്.കെ (വാർഡ് - 11) |
| | | ശ്രീ.മുഹമ്മദ് അലി.പി (വാർഡ് - 14) |
| | | ശ്രീ.ശിഹാബുദ്ധീൻ (വാർഡ്- 15) |
| | | ശ്രീമതി.നുസ്ഹത്തുന്നീസ (വാർഡ് - 16) |
| | | ശ്രീമതി.രേഷ്മ.എം.ആർ (വാർഡ് - 18) |
| പാർലമെന്റ് അംഗം (വയനാട്) | : | ശ്രീ. പ്രിയങ്കാ ഗാന്ധി |
| നിയമസഭാ അംഗം (വണ്ടൂർ) | : | ശ്രീ. എ.പി അനിൽ കുമാർ |
| ജില്ലാ പഞ്ചായത്ത് അംഗം | : | ശ്രീ.മുസ്തഫ അബ്ദുൽ ലത്തീഫ്, |
| | | ശ്രീ.കെ.ടി.അജ്മൽ |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീ. റഷീദ് പൊറ്റയിൽ, |
| | | ശ്രീമതി. അഫ്രൂസ് ഷഹാന.ടി, |
| | | ശ്രീമതി. സുപ്രിയ |
| സെക്രട്ടറി | : | ശ്രീമതി.മെയ്ദിനി പി.എം |

# ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങൾ (ഘടക സ്ഥാപനങ്ങൾ)

കേരള പഞ്ചായത്ത് രാജ് അടിസ്ഥാനത്തിൽ വിവിധ വിഷയമേഖലകളിലായി ത്രിതല പഞ്ചായത്തുകൾ വൈവിധ്യമാർന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിച്ചു വരികയാണ്. കൃഷി, വ്യവസായം, മൃഗസംരക്ഷണം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം എന്നിങ്ങനെ സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടപെടുന്ന ഗ്രാമപഞ്ചായത്തുകളെ അതിന്റെ ചുമതലാ നിർവ്വഹണത്തിന് പ്രാപ്തമാക്കുന്നതിന് വേണ്ടി ഏതാനും സ്ഥാപനങ്ങൾ 1955 ലും തുടർന്നുള്ള വർഷങ്ങളിലും സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

1. കൃഷി വകുപ്പ് :- അതാത് സ്ഥലത്തെ കൃഷി ഭവൻ
2. മൃഗസംരക്ഷണ വകുപ്പ് :- അതാത് സ്ഥലത്ത് വെറ്റിനറി സബ്സെന്റർ, വെറ്റിനറി ഡിസ്പെൻസറി, വെറ്റിനറി ആശുപത്രി
3. ക്ഷീരവികസന വകുപ്പ് :- ഒരു ഡയറി എക്റ്റൻഷൻ ഓഫീസർ തസ്തികയും അനുബന്ധ തസ്തികകളും (ഈ യൂണിറ്റ് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്യേണ്ടതും അത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്തിലും പ്രവർത്തിക്കേണ്ടതുമാണ്).
4. മത്സ്യബന്ധന വകുപ്പ് :- മത്സ്യഭവനും, അതിലെ ഫിഷറീസ് സബ് ഇൻസ്പെക്ടർ തസ്തികയും (ആവശ്യമായ ഗ്രാമപഞ്ചായത്തിൽ മാത്രം)
5. ഗ്രാമവികസന വകുപ്പ് :- രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും ഓഫീസും
6. സാമൂഹ്യനീതി വകുപ്പ് :- അതാത് സ്ഥലത്തെ ഡെ-കെയർ സെന്ററുകളും അംഗൻവാടികളും.
7. പട്ടികജാതി വികസന വകുപ്പ് :- അതാത് സ്ഥലത്തെ ബാലവാടികൾ, ബാലവാടി കം ഫീഡിംഗ് സെന്റർ, സീസണൽ ഡേകെയർ സെന്റർ, ഡോർമെറ്ററി.
8. പട്ടികവർഗ്ഗ വികസന വകുപ്പ് :- അതാത് സ്ഥലത്തെ ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നേഴ്സറി സ്ക്കൂളുകൾ, മിഡ്വൈഫറി സെന്ററുകൾ, ആയുർവേദ ഡിസ്പെൻസറികൾ
9. ആരോഗ്യ വകുപ്പ് :- അതാത് സ്ഥലത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഗവൺമെന്റ് ഡിസ്പെൻസറികൾ
10. ആയുർവേദ വകുപ്പ് :- അതാത് സ്ഥലത്തെ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി/ ആശുപത്രി
11. ഹോമിയോ വകുപ്പ് :- അതാത് സ്ഥലത്തെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി/ആശുപത്രി
12. വിദ്യാഭ്യാസ വകുപ്പ് :- അതാത് സ്ഥലത്തെ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ.
13. 01.01.2018 മുതൽ നിലവിൽ വന്ന തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിംഗാണ് ഗ്രാമപഞ്ചായത്തു പണികളുടെ ചുമതല നിർവ്വഹിക്കുന്നത്.

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നേരിട്ടോ അല്ലാതെയോ നിയോഗിച്ചിട്ടുള്ളവരും സ്ഥലം മാറ്റപ്പെട്ടവരുമായി ഉദ്യോഗസ്ഥർ എന്നിവരുടെ ഒദ്യോഗിക കൃത്യനിർവ്വഹണത്തിലു ണ്ടായേക്കാവുന്ന ക്രമക്കേടുകൾ, ദുർഭരണം, അഴിമതി എന്നിവയെ കുറിച്ചുള്ള പരാതികളിന്മേൽ അന്വേഷണം നടത്തി നടപടി എടുക്കുകയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ചുമതല. ഓംബുഡ്സ്മാൻ സെക്രട്ടറി മുമ്പാകെ നേരിട്ടോ തപാൽ വഴിയോ ഏതൊരു വ്യക്തിക്കും പരാതി സമർപ്പിക്കാം.

വിലാസം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ
സാഫല്യം കോംപ്ലക്സ് (4ാം നില)
ട്രിഡാ ബിൽഡിംഗ്, യൂണിവേഴ്സിറ്റി പി.ഒ
തിരുവനന്തപുരം

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തീരുമാനത്തിനെതിരെയുള്ള അപ്പീൽ റിവിഷൻ എന്നിവ പരിഗണിക്കുന്നതിനാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിനെ നിയമിച്ചിട്ടുള്ളത്. ഒരു ഉത്തരവിനെതിരെയുള്ള അപ്പിൽ ആ ഉത്തരവ് തിയതി മുതൽ 30 ദിവസത്തിനുള്ളിൽ നൽകണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഫയൽ ചെയ്ത അപ്പീലിൽ 60 ദിവസത്തിനുള്ളിൽ തീരുമാനമാകാത്ത സംഗതിയിൽ 90 ദിവസത്തിനുള്ളിൽ ഹരജി സമർപ്പിക്കണം. ട്രൈബ്യൂണൽ മുമ്പാകെ നേരിട്ടോ രജിസ്ട്രേഡ് തപാൽ മുഖാന്തിരമോ ഹരജി സമർപ്പിക്കാവുന്നതാണ്.

വിലാസം: സെക്രട്ടറി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ ന്യൂ കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം

## ഫ്രണ്ട് ഓഫീസ്

ഏതൊരു സ്ഥലത്തേയ്ക്കും, വീട്ടിലേയ്ക്കും ഉള്ള പ്രവേശന മാർഗ്ഗം എന്നത് പോലെ സദ്ഭരണ നിർവ്വഹണത്തിന് വേണ്ടിയുള്ള ഒരു പ്രവേശന മാർഗ്ഗമാണ് ഫ്രണ്ട് ഓഫീസ് സംവിധാനം. ഫ്രണ്ട് ഓഫീസ് പഞ്ചായത്ത് ഓഫീസിന്റെ ഒരു ഭാഗം തന്നെ. ജനങ്ങൾ ജീവനക്കാരുടെയോ, സെക്രട്ടറിയുടേയോ, പ്രസിഡന്റിനടുത്തോ സേവനങ്ങൾ ക്കായി നേരിട്ട് ചെല്ലുന്നതിന് പകരമുള്ള ഒരു ഏകജാലക സംവിധാനമാണിത്. കേരള നിയമസഭയുടെ ലേക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാന ത്തിൽ ജനങ്ങൾ ഓഫീസിനകത്ത് കൂട്ടം കൂടി നിൽക്കുന്നത് ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി ഒരു സേവന സംവിധാനം ഏർപ്പെടുത്തണമെന്ന് പഞ്ചായത്ത് ഡയറക്ടർ 18.01.2017 ലെ എച്ച്. 13380/06 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുമുണ്ട്. ഇത് തന്നെയാണ് ഫ്രണ്ട് ഓഫീസ് സംവിധാനം വഴി യഥാർത്ഥ്യമാകുന്നത്. അപേക്ഷ നൽകാനും, സേവനം ലഭ്യമാക്കാനും ഈ ഏകജാലകത്തെ സമീപിച്ചാൽ മതി.

## ഗ്രാമസഭ

ജനാധിപത്യത്തിന്റെയും അധികാര വികേന്ദ്രീകരണത്തിന്റെയും അടിസ്ഥാന ശിലയാണ് ഗ്രാമസഭ. ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക ഭരണഘടന സംവിധാനമാണിത്. മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന സങ്കൽപ്പം യഥാർത്ഥ്യമാക്കുന്നതിനുള്ള ഒരു ഉപാധിയാണ് ഗ്രാമസഭ.

ഒരു ഗ്രാമപഞ്ചായത്തിന്റെ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയാണ് ഗ്രാമസഭ രൂപീകിച്ചിട്ടുള്ളത്. 941 ഗ്രാമപഞ്ചായത്തുകളിലായി 15962 ഗ്രാമസഭകളാണ് കേരളത്തിലുള്ളത്. ഒരു നിയോജകമണ്ഡലത്തിലെ മുഴുവൻ സമ്മതിദായകരും ആ ഗ്രാമസഭയിലെ അംഗങ്ങളാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗമാണ് ഗ്രാമസഭകൺവീനർ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആദ്ധ്യക്ഷനായിരിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കും. ഇവർ രണ്ടുപേരുടെയും അഭാവത്തിൽ ഗ്രാമസഭ കൺവീനറാണ് അദ്ധ്യക്ഷനാകേണ്ടത്. ഗ്രാമ സഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് അംഗങ്ങളേയും നിയമസഭ അംഗത്തെയും നിർബന്ധമായും ഗ്രാമസഭ കൺവീനർ ക്ഷണിക്കേണ്ടതാണ്. ആകെ ഗ്രാമസഭാംഗങ്ങളുടെ 10 ശതമാനമാണ് ക്വാറം. 10 ശതമാന ത്തിലധികം സമ്മതിദായകർ രേഖാമൂലം ആവശ്യപ്പെട്ടാൽ രണ്ട് സാധാരണ യോഗങ്ങൾ ക്കിടയിൽ ഒരു പ്രത്യേക യോഗവും ചേരേണ്ടതാണ്.

ഗ്രാമസഭകളുടെ ശുപാർശകൾക്കും നിർദ്ദേശങ്ങൾക്കും ത്രിതല പഞ്ചായത്തുകൾ അർഹമായ പരിഗണന നൽകേണ്ടതാണ്. ഗ്രാമസഭകൾക്ക് പ്രത്യേക ചുമതലകളും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കാനുള്ള ചുമതല ഗ്രാമസഭകൾക്കാണ്. ഗ്രാമസഭ തയ്യാറാക്കുന്ന മുൻഗണനാ ലിസ്റ്റിലോ ക്രമത്തിലോ മാറ്റം വരുത്താൻ പാടില്ല.

ഗ്രാമസഭയിലൂടെയാണ് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ ഉരുത്തിരിയുന്നത്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും മൂല്യ നിർണ്ണയത്തിലും ഗ്രാമസ ഭകൾക്ക് നിർണായകമായ സ്ഥാനം നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ഗ്രാമ സഭകൾക്ക് പഞ്ചായത്തുകളെ ഗുണകരമായും മാതൃകാപരമായും നയിക്കാൻ കഴിയും

## For The People

### Grievance Redressal

Local Self Governa Department, Governm of Kerala

തദ്ദേശ സ്ഥാപനങ്ങളെ അഴിമതി മുക്തമാക്കാനും കൂടുതൽ കാര്യക്ഷമമാക്കാനും ലക്ഷ്യമിട്ടുകൊണ്ടാണ് For The People എന്ന പരാതി പരിഹാര സെൽ രൂപം കൊള്ളുന്നത്. പൊതു ജനങ്ങൾക്ക് മികവുറ്റ സേവനം സമയബന്ധിതമായി ലഭ്യമാക്കാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സ്വജന പക്ഷപാതത്തെക്കുറിച്ചോ, സേവന ലഭ്യതയ്ക്ക് അനാവശ്യമായ കാലതാമസം നേരിടുന്നത് സംബന്ധിച്ചോ, അഴിമതിയെക്കുറിച്ചോ ഉള്ള വിവരങ്ങൾ പരമാവധി തെളിവു സഹിതം (AUDIO, VIDEO ക്ലിപ്പുകൾ ഉൾപ്പെടെ) ഇതിൽ അപ്ലോഡ് ചെയ്യാവുന്നതാണ്. തെറ്റായ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നവർക്കെതിരായി നിയമ നടപടികൾ സ്വീകരിക്കുമെന്ന കാര്യവും ഇതോടൊപ്പം അറിയിക്കുന്നു.

# ജാഗ്രതാ സമിതി

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര നിക്ഷേപം, അവകാശ പരാതി സ്വീകരിക്കാനും ഇടപെട്ട് പരിഹരിക്കാനും അത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹിക സൃഷ്ടിക്കും വേണ്ടി പ്രവർത്തിക്കാൻ ലക്ഷ്യം വച്ച് കൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാ സമിതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വനിതാ കമ്മീഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതിയിടെ പ്രവർത്തനം സ.ഉ.എം.എസ്.നം.31/07സ.ക്ഷേ.വ.ഉത്തരവിൽ പ്രകാരം വളരെ ഗൗരവത്തിൽ കൃത്യതയോടെ നടത്തേണ്ട പ്രക്രിയയാണ്. പ്രവർത്തനത്തിന് കരുത്ത് പകരുന്നതിന് വേണ്ടി താഴെ തലം വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവയുടെ കൃത്യമായ മോണിട്ടറിംഗും തുടർ പ്രവർത്തനങ്ങളെ സഹായിക്കുന്നു.

തുവ്വൂർ ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ജാഗ്രതാ സമിതി പ്രവർത്തനം ഓരോ വനിതയുടെയും അടുത്ത് എത്തിക്കുവാനും അവരെ സംബന്ധിക്കുന്ന വിഷയങ്ങൾ ജാഗ്രതാ സമിതിയിൽ എത്തിക്കുവാനും സഹായിക്കുന്ന തരത്തിൽ വാർഡ് തല ജാഗ്രതാസമിതി പ്രവർത്തിക്കുന്നു. 9 അംഗങ്ങളടങ്ങിയ പഞ്ചായത്ത് തല ജാഗ്രതാ സമിതിയുടെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും, കൺവീനർ ഐ.സി.ഡി.എസ്. സൂപ്പർവൈസറുമാണ്. പോലീസ് സബ്/സർക്കിൾ ഇൻസ്പെക്ടർ, വനിതാ പഞ്ചായത്ത് അംഗം, വനിതാ വക്കീൽ, പട്ടികജാതി/പട്ടികവർക്ഷ വി□ാഗം, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളാണ്.

## സൗജന്യ നിയമസഹായ കേന്ദ്രം

തുവ്വൂർ ഗ്രാമപഞ്ചായത്തിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് സൗജന്യമായി നിയമസഹായം നൽകി വരുന്നു.

പ്രവൃത്തി ദിനങ്ങളും സമയവും :- തിങ്കൾ, ബുധൻ,വെള്ളി രാവിലെ 10 മുതൽ 5 വരെ പൊതുജനങ്ങളുടെ എല്ലാവിധ പരാതികളും പ്രവൃത്തി സമയങ്ങളിൽ സ്വീകരിക്കുന്നതാണ്. അഡ്വക്കേറ്റിന്റെ സേവനം :- വെള്ളി രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ലഭ്യമാണ്.

## സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ

സേവനങ്ങൾ ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തിനെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അവ ലഭ്യമാക്കാൻ കൃത്യവും വ്യക്തവുമായ മാർക്ഷ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനായി ***ഒപ്പമുണ്ട് ഉറപ്പാണ്*** എന്ന ടാഗ് ലൈനോട് കൂടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്.

# വിവരാവകാശ നിയമം 2005

പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വസ്ഥതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തുന്നതിനും അഴിമതി നിർമാർജ്ജനം ചെയ്യുന്നതിനുമുള്ള വിവരാവകാശ നിയമം 2005 ഒക്ടോബർ 12 മുതൽ പ്രാബല്യത്തിൽ വന്നു. ഭരണഘടനാ പ്രാകാരമോ, ലോകസ□യുടേയോ, നിയമസഭയുടേയോ, നിയമം വഴിയോ, സർക്കാർ വിജ്ഞാപനം വഴിയോ, നിലവിൽ വന്നതോ, രൂപീകരിക്കപ്പെട്ടതോ ആയ എല്ലാ അധികാരങ്ങളും സ്ഥാപനങ്ങളും സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിൽ സഹായ ധനം ലഭിക്കുന്ന സർക്കാർ ഇതര സംഘടനകളും ഈ നിയമത്തിന്റെ പരിധിയിൽ വരും. ഒരു ജോലിയോ പ്രമാണമോ രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം, രോഖയുടേയോ പ്രമാണത്തിന്റേയോ കുറിപ്പുകളോ, സംക്ഷിപ്തമായോ എടുക്കൽ, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, കമ്പ്യൂട്ടറോ അത് പോലുള്ള മറ്റ് ഇലക്ട്രോണിക് സംവിധാനങ്ങളിലോ ശേഖരിച്ച് വച്ചിട്ടുള്ള വിവരങ്ങൾ, പ്രിന്റ് ഔട്ടുകൾ, ഫ്ളോപ്പികൾ, ഡിസ്ക്കുകൾ, ടേപ്പുകൾ, വീഡിയേ കാസറ്റുകൾ മുതലായ രൂപത്തിൽ പകർപ്പായി ലഭിക്കാനും ഏതൊരു പൗരനും അവകാശമുണ്ടെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

എല്ലാ സർക്കാർ ഓഫീസുകളിലും പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരേയും അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരേയും നിയോഗിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കാര്യത്തെ കുറിച്ച് വിവരം ലഭിക്കേണ്ടവർ 10 രൂപ ഫീസ് സഹിതം ബന്ധപ്പെട്ട പബിളിക് ഇൻഫർമേഷൻ ഓഫിസർക്ക് അപേക്ഷ നൽകണം. അപേക്ഷ തയ്യാറാക്കുന്നതിന് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ സഹായിക്കണം. അപേക്ഷകൻ വിവരം തേടുന്നത് എന്തിനാണെന്ന് വെളിപ്പെടുത്തേണ്ടതില്ല. ബന്ധപ്പെടുന്നതിന് വിലാസം മാത്രമേ അപേക്ഷയിൽ കാണിക്കേണ്ടതുള്ളു. വിവരങ്ങളും ലഭിക്കുന്നതിനുള്ള ഫീസുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷിച്ച വിവരം നൽകണം. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷിച്ച വിവരം നൽകണം. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വഴി ലഭിച്ച അപേക്ഷയാണെങ്കിൽ 35 ദിവസത്തിനകം വിവരം നൽകിയാൽ മതി. എന്നാൽ വ്യക്തിയുടെ ജീവനെയോ സ്വത്തിനേയോ ബാധിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ 48 മണിക്കൂറിനകം വിവരം നൽകിയിരിക്കണം. ആവശ്യപ്പെടുന്ന വിവരം ലഭിക്കുന്നില്ലെങ്കിലോ അപൂർണ്ണവും അവാസ്തവുമായ വിവരമാണ് കിട്ടിയതെങ്കിലോ അക്കാര്യത്തിൽ പരാതിയുള്ള വ്യക്തിക്ക് അപ്പിൽ സംവിധാനവും നിയമത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. നിയമം അനുശാസിക്കും വിധം വിവരം നൽകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ ശിക്ഷണ നടപടികളും നിയമം വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനാണ് വിവരാവകാശ നിയമം നടപ്പിലാക്കുന്നതും അവയിലെ പരാതികൾ തീർപ്പാക്കുന്നതും ശിക്ഷാ നടപടി സ്വീകരിക്കുന്നതുമായ അധികാര സ്ഥാപനം. തിരുവനന്തപുരത്താണ് കമ്മീഷൻ ആസ്ഥാനം.

# വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഫീസുകളുടെ വിവരം

**1. വകുപ്പ് 7 (1) പ്രകാരം**

എ) വിവരങ്ങൾ എ4 വലിപ്പത്തിലുള്ള പേപ്പറിൽ ലഭിക്കുന്നതിന് ഓരോ പേജിനും : 2 രൂപ

ബി) വലിപ്പം കൂടുതലുള്ള പേപ്പറിൽ വിവരങ്ങൾ ലഭിക്കുന്നതിന് അതിനുള്ള യഥാർത്ഥ ചെലവ്

സി) സാമ്പിളുകളും മോഡലുകളിലും ലഭിക്കുന്നതിന് : അതിനുള്ള സഥാർത്ഥ വില/ ചെലവ്

ഡി) രേഖകളുടെ പരിശോധനയ്ക്ക് : ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ല. അതിനുശേഷമുള്ള ഓരോ 30 മിനിട്ടിനും അതിന്റെ അംശത്തിനും 10 രൂപ വീതം.

**2. വകുപ്പ് 7 (2)**

എ) സി.ഡി. ഫ്ളോപ്പി തുടങ്ങിയ ഇലക്ട്രോണിക് രൂപത്തിൽ വിവരം ലഭിക്കുന്നതിന് (ഓരോന്നിനും) : 50 രൂപ

ബി) പ്രിന്റഡ് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് (ഓരോ പേജിനും : 2 രൂപ)

# പബ്ലിക് ഇൻഫർമേഷൻ ആഫീസർമാർ

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
: മെയ്ദിനി.പി.എം
സെക്രട്ടറി
തുവ്വൂർ ഗ്രാമപഞ്ചായത്ത്
Email: tvrpanchayat@gmail.com

അസി.സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
: സതീഷ്.കെ
ഹെഡ്ക്ലർക്ക്, തുവ്വൂർ ഗ്രാമപഞ്ചായത്ത്
Email: tvrpanchayat@gmail.com

അപ്പലേറ്റ് അതോറിറ്റി : അസിസ്റ്റന്റ് ഡയറക്ടർ
തദ്ദേശ സ്വയം ഭരണ വകുപ്പ്
സിവിൽസ്റ്റേഷൻ.പി.ഒ. മലപ്പുറം - 676505
ഫോൺ : 04832 734838
Email: jdisgdmpm@gmail.com

# കേരള സംസ്ഥാന സേവനാവകാശ നിയമം - 2012

2012-ലെ കേരള സംസ്ഥാന സേവനാവകാശനിയമം നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രദാനം ചെയ്യുന്ന സേവനങ്ങളിൽ 16 സേവനങ്ങൾ

2012ലെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം പഞ്ചായത്ത് ഡയറക്ടർ 26.04.2013-ലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടു ത്തിയിട്ടുണ്ട്.

## സേവനാവകാശ നിയമം ബാധകമാക്കിയ സേവനങ്ങളുടെ പട്ടിക

1. ജനന രജിസ്ട്രേഷൻ (1969ലെ ജനന- മരണ രജിസ്ട്രേഷൻ ആക്ട്/ 1999 ലെ കേരള ജനന- മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)
2 ജനന രജിസ്റ്ററിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്തപ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം) (1969ലെ ജനന- മരണ രജിസ്ട്രേഷൻ ആക്ട്/ 199ലെ കേരള ജനന- മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)
3. മരണ രജ്സ്ട്രേഷൻ (1969ലെ ജനന രജിസ്ട്രേഷൻ ആക്ട്) (1999ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)
4. ജനനം/മരണം താമസിച്ചു രജിസ്റ്റർ ചെയ്യൽ (1969ലെ ജനന-മരണ രജിസ്ട്രേഷൻ
5. ജനന/മരണ സർട്ടിഫിക്കറ്റ്
6. ദത്തെടുത്തുന്ന കുട്ടികളുടെ രജിസ്ട്രേഷൻ
7. വിദേശത്ത് നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ (ബന്ധപ്പെട്ട നിയമം / ചട്ടങ്ങൾക്ക് വിധേയമായി)
8. വിവാഹ രജിസ്ട്രേഷൻ (1955ലെ ഹിന്ദു വിവാഹ ആക്/ 1957ലെ കേരള ഹിന്ദു വിവാഹം രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ)
9. വിവാഹം താമസിച്ചു രജിസ്റ്റർ ചെയ്യൽ, 30 ദിവസത്തിന് ശേഷമുള്ളവ (1955ലെ ഹിന്ദു വിവാഹ ആക്/ 1957ലെ കേരള ഹിന്ദു വിവാഹം രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ)
10. വിവാഹ സർട്ടിഫിക്കറ്റ് (1955ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടത്തിയ രജിസ്ട്രേഷൻ)
11. വിവാഹ രജിസ്ട്രേഷൻ (2008ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം. ഒരു വർഷത്തിന് ശേഷമുള്ള വിവാഹ രജിസ്ട്രേഷൻ)
12. കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ
13. കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
14. താമസക്കാരാണെന്നുള്ള സർട്ടിഫിക്കറ്റ്
15. ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ലൈസൻസ്
16. വ്യാപാര സ്ഥാപനത്തിനുള്ള ലൈസൻസ്

ഈ പട്ടികയിലെ സേവനങ്ങൾ പ്രദാനം ചെയ്യുന്ന നിയുക്ത ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഒന്നാം അപ്പീൽ അധികാരി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും രണ്ടാം അപ്പീൽ അധികാരി പഞ്ചായത്ത് ഡയറക്ടറുമാണ്.

സേവനം ലഭ്യമാക്കുന്ന നിശ്ചിത സമയപരിധി, അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ എന്നിവ ഈ പൗരാവകാശ രേഖയിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.

# തുവ്വൂർ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭിക്കുന്ന സേവനങ്ങൾ, നൽകുന്ന സർട്ടിഫിക്കറ്റുകൾ

## 1) ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കു ന്നതിന് വേണ്ട പരമാവധി സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | സ്വഭാവ സർട്ടിഫിക്കറ്റ് | ബന്ധപ്പെട്ട വാർഡുമെമ്പറുടെ കുറിപ്പോടുകൂടി പ്രവർത്തി സമയങ്ങളിൽ ഗ്രാമപഞ്ചായത്ത പ്രസിഡണ്ടിനെ നേരിൽ സമീപിക്കുക | തൽസമയം | ഇല്ല |
| 2 | പുതിയതായി റേഷൻകാർഡിൽ പേര് ചേർക്കുന്നതിന് ഒരു റേഷൻകാർഡിലും പേർ ഉൾപ്പെട്ടിട്ടില്ല എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷ റേഷൻ കാർഡ്, താമസിക്കുന്ന വീട്ടുനമ്പർ, ബന്ധ പ്പെട്ട വാർഡ് മെമ്പറുടെ കുറിപ്പ് എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | തൽസമയം | ഇല്ല |
| 3 | തൊഴിൽ രഹിതനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | ബന്ധപ്പെട്ട വാർഡുമെമ്പറുടെ കുറിപ്പോടുകൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിൽ കാണുക | തൽസമയം | ഇല്ല |
| 4 | പേരിലോ വീട്ട് പേരിലോ വ്യത്യാസം വന്നവർക്കുള്ള തിരച്ചറിയൽ സർട്ടിഫിക്കറ്റ്. | വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷ ബന്ധപ്പെട്ട വാർഡ് മെമ്പറുടെ കുറിപ്പ് ബന്ധപ്പെട്ട രേഖകൾ എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിൽ സമീപിക്കുക. | തൽസമയം | ഇല്ല |
| 5 | ടി.സി. നഷ്ടപ്പെട്ടവർക്കുള്ള സർട്ടിഫിക്കറ്റ് | ടി.സി. തിരിച്ചുകിട്ടാനാവാത്തവിധം നശിച്ചു പോയതു സംബന്ധിച്ച വ്യക്തമായ അപേക്ഷ ബന്ധപ്പെട്ട വാർഡുമെമ്പറുടെ സാക്ഷ്യപ്രതം എന്നിവ സഹിതം ഓഫീസ് പ്രവർത്തി സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിൽ സമീപിക്കുക. | തൽസമയം | ഇല്ല |
| 6 | ലൈഫ് സർട്ടിഫിക്കറ്റ് | പെൻഷൻകാർ നേരിട്ടോ, അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പേയ്മന്റ് ഓർഡർ സഹിതം പ്രവൃത്തി സമയങ്ങളിൽ ഗ്രാമപ ഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. തൽസമയം | തൽസമയം | ഇല്ല |
| 7 | രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ വിവാഹിതരാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷ, ബന്ധപ്പെട്ട വാർഡ് മെമ്പറുടെ അഭി പ്രായകുറിപ്പ്, റേഷൻ കാർഡ് എന്നിവ സഹിതം പ്രവൃത്തി സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിൽ സമീപിക്കുക. | തൽസമയം | ഇല്ല |
| 8 | രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ മരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷ, ബന്ധപ്പെട്ട വാർഡ് മെമ്പറുടെ അഭി പ്രായകുറിപ്പ്, റേഷൻ കാർഡ് എന്നിവ സഹിതം പ്രവൃത്തി സമയങ്ങളിൽ ഗ്രാമപഞ്ചാ യത്ത് പ്രസിഡണ്ടിനെ നേരിൽ സമീപിക്കുക. | തൽസമയം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കു ന്നതിന് വേണ്ട പരമാവധി സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 9 | സ്റ്റേറ്റ്മെന്റ്, പ്രസ്താവന എന്നിവ സാക്ഷ്യപ്പെടുത്തൽ | പെൻഷൻകാർ നേരിട്ടോ, അടുത്ത ബന്ധു ക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പെയ്മെന്റ് ഓർഡർ സഹിതം പ്രവൃത്തി സമ യങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | തൽസമയം | ഇല്ല<br>ഇല്ല |
| 10 | ഒപ്പും, പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പ് സാക്ഷ്യപ്പെടുത്തുനതിന് ഗ്രാമപഞ്ചാത്ത് പ്രസിഡണ്ടിന്റെ മുമ്പാകെ നേരിട്ട് ഹാജരായി ഒപ്പിടേണ്ടതും പകർപ്പ് സാക്ഷ്യപ്പെടുത്തുന്ന തിന് അസ്സൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. | തൽസമയം | ഇല്ല |
| 11 | വിവിധ ക്ഷേമനിധി ബോർഡുകളിൽ ഹാജരാക്കുന്നതിന് കുടുംബബന്ധം സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് | വിവാഹസർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | തൽസമയം | ഇല്ല<br>ഇല്ല |
| 12 | ഭവനനിർമ്മാണ ബോർഡിലും മറ്റും ഹാജരാക്കുന്നതിന് സബ്സിഡിക്ക് അർഹതയുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | റേഷൻകാർഡ് സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | തൽസമയം | ഇല്ല |
| 13 | തൊഴിൽ സാക്ഷ്യപത്രം | വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷ, ബന്ധപ്പെട്ട വാർഡ് മെമ്പറുടെ അഭിപ്രായകുറിപ്പ്, റേഷൻ കാർഡ് എന്നിവ സഹിതം പ്രവൃത്തി സമയങ്ങളിൽ ഗ്രാമപ ഞ്ചായത്ത് പ്രസിഡണ്ടിനെ നേരിൽ സമീപിക്കുക. (തൊഴിലുടമയുടെ വിവരങ്ങൾ അപേക്ഷയിൽ വ്യക്തമാക്കണം) | തൽസമയം | ഇല്ല<br>ഇല്ല |

കുറിപ്പ് - ക്രമനമ്പർ 6 മുതൽ 8 വരെയും 11 മുതൽ 13 വരെയുമുള്ള സാക്ഷ്യപത്രങ്ങൾ രേഖകളുടെ പിൻബലമില്ലാത്തവയാകയാൽ സാക്ഷ്യപത്രങ്ങൾ സ്വീകരിക്കുന്നത് ബന്ധപ്പെട്ട ഓഫീസ് അധികാരി കളുടെ വിവേചനാധികാരമാണ്.

# സേവനം ലഭ്യമാക്കുന്ന ഓഫീസ് / ഉദ്യോഗസ്ഥർ

## 2) ഗ്രാമപഞ്ചായത്ത് സെക്രട്ടറി

## സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റുകൾ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങ ളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്. | വെള്ളക്കടലാസിലെഴുതിയ അപേക്ഷ സഹിതം കെ.സ്മാർട്ട് വഴി അപേക്ഷ സമർപ്പിക്കണം. വീട്ടു നമ്പറും വാർഡു നമ്പറും അപേക്ഷയിൽ കാണിച്ചിരിക്കണം. അസസ്മെന്റ് രജിസ്റ്ററിൽ കെട്ടിടം ഉണ്ടായിരിക്കണം. നികുതി കുടിശ്ശിക ഉണ്ടെങ്കിൽ അടച്ച് തീർത്തിരിക്കണം. എന്താവശ്യത്തിനാണ് സർട്ടിഫിക്കറ്റ് എന്ന് വ്യക്തമാക്കണം. തനത് വർഷത്തെ വസ്തുനികുതി അടച്ചവർക്ക് കെ.സ്മാർട്ട് വഴി സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. | അപേക്ഷിക്കുന്ന ദിവസം | ഇല്ല |
| 2 | താമസക്കാരനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ കെ.സ്മാർട്ട് വഴി സമർപ്പിക്കണം. വിട്ടു നമ്പറും വാർഡു നമ്പറും അപേക്ഷയിൽ കാണിച്ചിരിക്കണം. സ്വന്തം വീട്ടിലല്ല താമസമെങ്കിൽ വാടകകരാർ/ഉടമസ്ഥന്റെ സമ്മത പത്രം ഇവയേതെങ്കിലും ഹാജരാക്കണം. നികുതു കുടിശ്ശികയുണ്ടെങ്കിൽ അടച്ച് തീർക്കണം. | 5 പവൃത്തി ദിവസം | ഇല്ല |
| 3 | പാസ്പോർട്ട് ഓഫീസിൽ സമർപ്പിക്കാനുള്ള താമസ സർട്ടിഫിക്കറ്റ്. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള താമസ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ (വോട്ടർപട്ടികക്ക് നിശ്ചിത ഫോറ ത്തിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ കെ. സ്മാർട്ട് വഴി സമർപ്പിക്കണം. താമസക്കാരനാണെന്ന് ഐഡന്റിറ്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, മറ്റ് തെളിയിക്കുന്നതിന് റേഷൻകാർഡ്, ഫോട്ടോപതിച്ച രേഖകൾ ഏതെങ്കിലും ഒന്ന് വെക്കുക. സ്വന്തം വീട്ടിലല്ല താമസമെങ്കിൽ വാടക കരാർ വേണം. നികുതു കുടിശ്ശികയുണ്ടെങ്കിൽ അടച്ച് തീർക്കണം. | 5 ദിവസം | ഇല്ല |
| 4 | വാസയോഗ്യമായ വീടില്ലാ എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ്. | അപേക്ഷകന്റെയും, കുടുംബത്തിന്റെയും പേരും വീട്ടു പേരും രേഖപ്പെടുത്തി വെള്ളക്കാലാസിലെഴുതിയ അപേക്ഷ കെ.സ്മാർട്ട് വഴി സമർപ്പിക്കണം. എവിടെ സമർപ്പിക്കാനാണെന്ന് വ്യക്തമാക്കണം. | 5 ദിവസം | ഇല്ല |
| 5 | കെട്ടിട ഉടമസ്ഥാവകാശം മാറ്റൽ | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ അസ്സൽ ആധാരം, ആധാര ത്തിന്റെ പകർപ്പ് നികുതി അടച്ച രസീതിന്റെ കോപ്പി കൈവശ സർട്ടിഫിക്കറ്റ്, മുൻ ഉടമസ്ഥന്റെ സമ്മതപത്രം എന്നിവ സഹിതം കെ.സ്മാർട്ട് വഴി സമർപ്പിക്കണം. | 30 ദിവസം | കൈമാറ്റം സംബ ന്ധിച്ച നിശ്ചിത സമയത്തിനകം രേഖകൾ ഹാജരാക്കാത്ത പക്ഷം 500 രൂപ പിഴ |
| 6 | കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ്/ ബിൽഡിംഗ് സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, നികുതി അടച്ച രസീതി സഹിതം കെ.സ്മാർട്ട് വഴി സമർപ്പിക്കണം. . വിട്ടു നമ്പറും, വാർഡു നമ്പറും അപേക്ഷയിൽ കാണിച്ചിരിക്കണം. (മുൻപ് നിലവിലുണ്ടായിരുന്നതും, ഇപ്പോൾ നിലവിലുള്ളതും കെട്ടിട നികുതി തൻ വർഷം വരെയുള്ളത് അടച്ച് തീർക്കണം. കെട്ടിട നിർമ്മാണത്തിന് ലഭിച്ച അനുപാത പത്രിക, നിർമ്മാണം പൂർത്തിയാക്കിയ തിയ്യതി, നികുതി ചുമത്തിയ തിയ്യതി, സാക്ഷ്യപത്രം എന്താവശ്യത്തിനാ ണെന്ന വിവരം മുതലായവ കാണിച്ചിരിക്കണം. | 5 ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങ ളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 7 | *കെട്ടിട നികുതി ഒഴിവാക്കൽ (ചട്ടം 24 വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾ* | ബി.എസ്.എഫ്, സി.ആർ.പി.അഫ്, സി.ഐ.എസ്.എഫ്, ഐ.ടി.ബി.പി, എസ്.എസ്.ബി, എന്നീ സായുധ സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ചവരുടേയും വിമുക്ത ഭടന്മാരുടെ ഭാര്യയുടെയും പേരിലുള്ള 2000 ച. അടിയിൽ കവിയാത്ത വിസ്തീർണ്ണമുള്ള യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഒരു വീടിന് നികുതി ഇളവ് അനുവദിക്കുന്നതാണ്. ഓരോ സാമ്പത്തിക വർഷവും അപേക്ഷ കെ.സ്മാർട്ട് വഴി നൽകേണ്ടതാണ്. | | |
| 8 | പുതിയ കെട്ടിട നമ്പർ. | കെ.സ്മാർട്ട് വഴി അപേക്ഷ സമർപ്പിക്കണം. പെർമിറ്റ് ലഭിച്ച കെട്ടിടമാണെങ്കിൽ പെർമിറ്റിന്റെ പകർപ്പും, കംപ്ലിഷൻ സർട്ടിഫിക്കറ്റും അപേക്ഷയിൽ തൊട്ട ടുത്ത വീട്ടുനമ്പർ രേഖപ്പെടുത്തിയിരിക്കണം.<br>KPBR നിയമപ്രകാരം മുൻകൂർ അറിയിപ്പ് നൽകിയ കെട്ടിടങ്ങൾക്ക് പ്രവർത്തി പൂർത്തികരിച്ചതിന് ശേഷം കെ.സ്മാർട്ട് സോഫ്റ്റ് വെയറിൽ ന്യൂ ടാക്സ് അസസ്മെന്റ് മൊഡ്യൂളിൽ അപേക്ഷ സമർപ്പിക്കണം അറിയിപ്പ് നൽകിയ തിയ്യതിയും ഫയൽ നമ്പറും കാണിച്ചിരിക്കണം. | 15 ദിവസം | വസ്തു നികുതി ചട്ട പ്രകാരം നിർണ്ണയിക്കുന്ന കെട്ടിട നികുതി അടക്കണം |
| 9 | ഒഴിഞ്ഞു കിടക്കുന്നത് മൂലം കെട്ടിട നികുതി ഇളവ് ചെയ്യൽ (ഒരു വർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ ഒഴിഞ്ഞ് കിടക്കുന്നെങ്കിൽ മാത്രം! | കെട്ടിട നമ്പറും വാർഡും രേഖപ്പെടുത്തി പ്രസ്തുത കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്നോ അല്ലെങ്കിൽ എത് തിയ്യതി മുതൽ ഒഴിഞ്ഞു കിടക്കുമെന്നോ കാണിച്ച് സെക്രട്ടറിക്ക് കെട്ടിട ഉടമയോ അയാളുടെ നിയമാനുസ്യത ഏജന്റോ ഓരോ അർദ്ധ വർഷാരംഭത്തിലും കെ.സ്മാർട്ട് സോഫ്റ്റ് വെയറിലെ സിറ്റിസൺ പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കണം. ഇളവിന് അർഹതയുള്ള അർദ്ധ വർഷത്തിന് തൊട്ടു മുമ്പുവരെയുള്ള അർദ്ധ വർഷത്തെ വസ്തുനികുതി അടച്ചിരിക്കണം. | 30 ദിവസം | ഇല്ല |
| 10 | ചുമത്തിയ കെട്ടിട നികുതിയിൻ മേലുള്ള അപ്പീൽ. | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ ചുമത്തിയ നികുതി അധികമാണെന്ന് പറയുന്നതിനുള്ള കാരണം കാണിച്ച് നികുതി ചുമത്തി 30 ദിവസത്തിനകം ചുമത്തിയ നികുതി ഒടുക്കി രസീതിന്റെ പകർപ്പ് സഹിതം കെ.സ്മാർട്ട് വഴി അപേക്ഷിക്കണം. | 45 ദിവസം | ഇല്ല |
| 11 | കെട്ടിടനികുതി അസസ് മെന്റ് രജിസ്റ്ററിന്റെ നേർ പകർപ്പ്. | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, ആവശ്യമായ ഫീസ് അടച്ച് കെ.സ്മാർട്ട് വഴി അപേക്ഷിക്കുക. കെട്ടിട നികുതി അസസ്മെന്റ്റ് രജിസ്റ്ററിന്റെ ആവശ്യമായ പേജിലെ കെട്ടിട നമ്പറും വാർഡ് നമ്പറും എന്താവശ്യത്തിനാണ് അപേക്ഷിക്കുന്നത് എന്ന് കാണിക്കണം. | 5 ദിവസം | നിശ്ചിത നിരക്കിൽ |
| 12 | റിവിഷൻ ഹർജി. | വെള്ളക്കടലാസിൽ എഴു തിയ അപേക്ഷ കെട്ടിട നികുതി അടച്ച് തീർത്ത് കെ.സ്മാർട്ട് വഴി സമർപ്പിക്കുക. വിട്ടു നമ്പറും, വാർഡു നമ്പറും അപേക്ഷയിൽ കാണിച്ചിരിക്കണം. | 15 ദിവസം | ഇല്ല |
| 13 | കെട്ടിട/മതിൽ/ കിണർ തുടങ്ങിയ നിർമ്മാണ പ്രവ്യത്തികൾക്കുള്ള പെർമിറ്റുകൾ (100 മീറ്റർ സ്ക്വയറിൽ താഴെയുള്ള വാസഗൃഹ ങ്ങൾ ഒഴികെ.) | സ്ഥലത്തിന്റെ തരം കാണിച്ചുകൊണ്ടുള്ള കൈവശ സർട്ടിഫിക്കറ്റ് ഭൂനികുതി രശീതിന്റെ കോപ്പി, അധാരത്തിന്റെ പകർപ്പ്, അംഗീകൃത എഞ്ചിനീയർ /സൂപ്പർവൈസർ വരച്ച നിർമ്മാണ പ്രവ്യത്തിയുടെ പ്ലാൻ, (സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ എന്നിവയുടെ സെറ്റ് ) എന്നിവ സഹിതം ലൈസൻസി മുഖേന കെ.സ്മാർട്ട് സോഫ്റ്റ് വെയറിൽ അപേക്ഷ സമർപ്പിക്കുക.<br>FAR, കവറേജ് സെക്ഷൻ എന്നിവ പ്ലാനിൽ വ്യക്തമായി കാണിക്കണം. LBS ന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം. വസ്തുവിന്റെ അസ്സൽ ആധാരം, ഭൂ നികുതി രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണം KPBR, 2011 ചട്ടം 101, 102 എന്നിപ്രകാരമുള്ള മഴവെള്ള സംഭരണ സംവിധാനം പാലിക്കേണ്ടതാണ്. (വാസ ഗൃഹങ്ങൾ-100 ച. മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവയ്ക്ക് നിശ്ചിത ഫോറത്തിൽ ആധാരത്തിന്റെ അസ്സലിന്റെ പകർപ്പ്. കൈവശ സർട്ടിഫിക്കറ്റ് സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ എന്നിവ സഹിതം നിർമ്മാണം തുടങ്ങുന്നതിന് 10 ദിവസം മുമ്പ് വിവരം അറിയച്ചാൽ മതി) | 15 ദിവസം | KPBR പ്രകാരമുള്ള ഫീ |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങ ളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 14 | പെർമിറ്റ് കൈമാറ്റം | വെള്ളക്കടലാസിലുള്ള അപേക്ഷ കെ സ്മാർട്ട് വഴി സമർപ്പിക്കണം. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, കൈവശ സർട്ടിഫിക്കറ്റ്, തനത് വർഷത്തെ ഭൂനികുതി അടവാക്കിയതിന്റെ രശീതി. അനുവദിച്ച അസ്സൽ പെർമിറ്റും പ്ലാനും പെർമിറ്റ് കൈമാറ്റം ചെയ്യുന്നയാളിന്റെ സമ്മത പത്രവും ഹാജരാക്കണം. | 12 ദിവസം | 25 രൂപ |
| 15 | പെർമിറ്റ് കാലവധി നീട്ടൽ | വെള്ളക്കടലാസിലുള്ള അപേക്ഷ അനുവദിച്ച പ്ലാനും പെർമിറ്റ് സഹിതം പെർമിറ്റ് കാലാവധി തീരുന്നതിനു മുമ്പ് കെ.സ്മാർട്ട് വഴി അപേക്ഷിക്കണം. വസ്തുവിന്റെ കൈവശ സർട്ടിഫിക്കറ്റും, ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ഹാജരാക്കണം. | 30 ദിവസം | നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 10% തുക |
| 16 | 5 വർഷ കാലാവധി കഴിഞ്ഞ പെർമിറ്റ് പുതുക്കൽ | വെള്ളക്കടലാസിലുള്ള അപേക്ഷ, അനുവദിച്ച പ്ലാനും പെർമിറ്റ് സഹിതം പെർമിറ്റ് അനുവദിച്ച തിയ്യതി മുതൽ 9 വർഷത്തിനകം കെ സ്മാർട്ട് വഴി അപേക്ഷിക്കണം. കൈവശാവകാശ സർട്ടിഫിക്കറ്റ്, തനത് വർഷത്തെ ഭൂ നികുതി രശീതി എന്നിവ ഹാജരാക്കണം. | 15 ദിവസം | നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 50% തുക |
| 17 | പെർമിറ്റ് പുതുക്കൽ മതിൽ/ കിണർ | വെള്ളക്കടലാസിലുള്ള അപേക്ഷ അനുവദിച്ച പ്ലാനും പെർമിറ്റ് സഹിതം പെർമിറ്റ് കാലാവധിക്കുള്ളിൽ കെ. സ്മാർട്ട് വഴി അപേക്ഷിക്കണം. കൈവശ സർട്ടിഫിക്കറ്റ് തനത് വർഷത്തെ ഭൂ നികുതി രശീതി എന്നിവ ഹാജരാക്കണം. | 15 ദിവസം | നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 50% തുക |
| 18 | വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ്. | സ്ഥാപനം ആരംഭിക്കുന്നതിന് 30 ദിവസങ്ങൾക്കുമുമ്പ് കെ.സ്മാർട്ട് വഴി അപേക്ഷ സമർപ്പിക്കേണ്ടത്.<br><br>അപേക്ഷകർ കെട്ടിട ഉടമയല്ലെങ്കിൽ യഥാർത്ഥ കെട്ടിട ഉടമയിൽ നിന്നും 200 രൂപയുടെ മുദ്ര പത്രത്തിൽ വാടക കരാർ അറ്റാച്ച് ചെയ്യുക.<br><br>ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു മാസം മുമ്പ് പഴയ ലൈസൻസിന്റെ പകർപ്പ് സഹിതം കെ.സ്മാർട്ട് വഴി അപേക്ഷ നൽകണം. | 10 ദിവസം | നിശ്ചിത നിരക്കിൽ |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങ ളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാ കുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 19 | വ്യവസായ സ്ഥാപനങ്ങൾ ക്കുള്ള ലൈസൻസ്. | സ്ഥാപനം ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ/ സ്ഥാപനത്തിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖ, സ്ഥലത്തിന്റെയും, കെട്ടിടത്തിന്റെയും പ്ലാൻ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ അനുമതി പത്രം (4 കോപ്പികൾ) സഹിതം കെസ്മാർട്ട് വഴി അപേക്ഷ സമർപ്പിക്കുക. നിർമ്മാണ യന്ത്രമോ, യന്ത്രസാമഗ്രിയോ സംബന്ധിച്ച് പഞ്ചായത്ത് ആവശ്യപ്പെടുന്ന വിവരങ്ങൾ | 45 ദിവസം | നിശ്ചിത നിരക്കിൽ |
| 20 | സ്വകാര്യ ആശുപത്രിക്കും പാരാമെഡിക്കൽ സ്ഥാ പനങ്ങൾക്കുമുള്ള രജി സ്ട്രേഷൻ. | സ്ഥാപനം നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ, ഡി.എം.ഒ. ഓഫീസിൽ നിന്നുള്ള നിരാക്ഷേപ പത്രം എന്നിവ സഹിതം കെസ്മാർട്ട് വഴി അപേക്ഷ സമർപ്പിക്കുക.<br>സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് അപേക്ഷ നൽകണം. | 25 ദിവസം | 200 രൂപ |
| 21 | സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ പുതുക്കൽ. | സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് കെ-സ്മാർട്ട് വഴി അപേക്ഷ സമർപ്പിക്കുക. | 25 ദിവസം | 50 രൂപ |
| 22 | ട്യൂട്ടോറിയൽ സ്ഥാപനങ്ങ ളുടെ രജിസ്ട്രേഷൻ. | കെട്ടിടത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസങ്ങൾക്ക് കെ-സ്മാർട്ട് വഴി അപേക്ഷ സമർപ്പിക്കുക. | 12 ദിവസം | 200 രൂപ |
| 23 | ട്യൂട്ടോറിയൽ സ്ഥാപന ങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ. | സാമ്പത്തിക വർഷം ആരം ഭിക്കുന്നതിന് 15 ദിവസങ്ങൾക്ക് മുമ്പ് കെ-സ്മാർട്ട് വഴി അപേക്ഷ സമർപ്പിക്കുക. (കെട്ടിടത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം) | 7 ദിവസം | 50 രൂപ |
| 24 | ലൈവ് സ്റ്റോക്ക് ഫാം തുടങ്ങുന്നതിനുള്ള സ്ഥാപനാനുമതി | കെട്ടിടം / സ്ഥലം സ്വന്തമാണെങ്കിൽ ആയതിന്റെ രേഖ. സ്വന്തമല്ലെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം സഹിതം കെ-സ്മാർട്ട് വഴി അപേക്ഷ സമർപ്പിക്കുക. (നിശ്ചിത ഫീ ഒടുക്കണം) | 1 മാസം | |
